# പ്രാദേശികചരിത്രത്തിന്റെ രാഷ്ട്രീയം:
## *'വേലൂരിന്റെ കയ്യൊപ്പും കാല്പ്പാട്ടും'* – ഒരു പഠനം

**ഡോ. റോയ് മാത്യു എം.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളഗവേഷണവിഭാഗം
ലിറ്റിൽ ഫ്ളവർ കോളേജ് (ഓട്ടോണമസ്), ഗുരുവായൂർ
കാലിക്കറ്റ് സർവ്വകലാശാല.

**പ്രബന്ധസംഗ്രഹം**

പ്രാദേശികചരിത്രരചനയിൽ ചരിത്രകാരൻ സ്വീകരിക്കേണ്ട രാഷ്ട്രീയനിലപാടിന്റെ അടിസ്ഥാനത്തിൽ ജോൺ ജോഫി സി.എഫ്.ന്റെ 'വേലൂരിന്റെ കയ്യൊപ്പും കാൽപ്പാട്ടും' എന്ന ഗ്രന്ഥം പഠിക്കുന്നു. ദേശത്തിന്റെ സമഗ്രമായചരിത്രം നിർമ്മിക്കുന്നതോടൊപ്പം ദേശത്തിന്റെ സ്വത്വം കണ്ടെത്തുവാനും ദളിത്- സ്ത്രീ സ്വത്വങ്ങളെ പ്രാദേശികചരിത്രത്തിൽ അടയാളപ്പെടുത്തുവാനും നാട്ടറിവുകളെ ശേഖരിക്കുവാനും പരിസ്ഥിതിപ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രായോഗികനിർദ്ദേശങ്ങൾ അവതരിപ്പിക്കാനും ശ്രമിക്കുന്ന പ്രാദേശികചരിത്രഗ്രന്ഥമാണ് ജോൺ ജോഫി സി.എഫ്.ന്റെ 'വേലൂരിന്റെ കയ്യൊപ്പും കാൽപ്പാട്ടും' എന്ന് ഈ പഠനം സ്ഥാപിക്കുന്നു.

**സൂത്രവാക്കുകൾ**

പ്രാദേശികചരിത്രം, വാമൊഴിചരിത്രം, സ്വത്വം, നാട്ടറിവുകൾ, നാട്ടുകഥകൾ, ജൈവവൈവിധ്യം, പരിസ്ഥിതി.

**പ്രാ**ദേശികചരിത്രം ഒരു ദേശത്തിന്റെ ചരിത്രം മാത്രമല്ല ആ പ്രദേശത്തെ സമൂഹത്തിന്റെയും ആ സമൂഹത്തിലെ വ്യക്തികളുടെയും സ്വത്വം തിരിച്ചറിയാനുള്ള ഉപാധിയുമാണ്. ഒരു സമൂഹത്തിന്റെ ചരിത്രത്തിന്റെയും ജീവിതത്തിന്റെയും സൂക്ഷ്മയാഥാർത്ഥ്യങ്ങൾ പ്രാദേശികചരിത്രപഠനങ്ങളിലൂടെയാണ് കണ്ടെടുക്കാനാകുക. അതിനാൽ ഒരു പ്രാദേശികചരിത്രരചന ആ

പ്രദേശത്തെ മുഴുവൻ ജനതയുടെയും സ്വത്വം തേടുകയും അന്വേഷണത്തിലൂടെ കണ്ടെത്തിയ വസ്തുതകളെ നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കി യുക്തിസഹമായ നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്യേണ്ടതുണ്ട്. മാത്രമല്ല, അത്തരം നിഗമനങ്ങളിലൂടെ പ്രാദേശികചരിത്രം ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും വികേന്ദ്രിതവും വൈവിധ്യപൂർണ്ണവുമായ പ്രാദേശികവികസനത്തിന് അവലംബവുമാകേണ്ടതുമുണ്ട്. എന്നാലേ, പ്രാദേശികചരിത്രരചന സാർത്ഥമാകൂ. വർത്തമാനകാലത്ത് പ്രാദേശികരചനയ്ക്കുണ്ടാകേണ്ട രാഷ്ട്രീയനിലപാടിനെക്കുറിച്ച് എം. ആർ. രാഘവവാരിയർ (2022: 40) ഇപ്രകാരം പറയുന്നു: "പ്രാദേശികചരിത്രപഠനത്തെ കേവലം ഒരു ധൈഷണികപ്രവൃത്തിയായല്ല പരിഗണിക്കേണ്ടത്. പഠനം ജീവിതപ്രശ്നങ്ങളുമായിടപെടുന്ന, നിർദ്ദേശങ്ങൾ നൽകാൻ കഴിയുന്ന, പ്രവർത്തിയാവണം. അപ്പോഴേ പ്രാദേശികചരിത്രം ഫലപ്രദമായിത്തീരുന്നുള്ളൂ. പ്രാദേശികചരിത്രത്തിനു പുതിയൊരു വികസനാദർശം മുമ്പോട്ടുവെക്കാനും പ്രാവർത്തികമാക്കാനും വേണ്ട ആശയനിർമ്മിതി സാധിക്കണം. അതു വികേന്ദ്രിതവും വൈവിധ്യപൂർണ്ണവുമായ പ്രാദേശികവികസനത്തെ ഉന്നംവെയ്ക്കുന്നതാവണം. നിലവിലുള്ള മഹാവികസനത്തിനെതിരെ ഫലപ്രദമായ വ്യവഹാരവും പ്രയോഗപദ്ധതിയും പ്രചാരപ്പെടുത്തുക എന്ന രാഷ്ട്രീയാദർശമാണ് പ്രാദേശികചരിത്രപഠനത്തിന് ഏറ്റെടുത്തു നടപ്പാക്കാനുള്ളത്." ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ജോൺ ജോഫി സി. എഫ്. രചിച്ച 'വേലൂരിന്റെ കയ്യൊപ്പും കാൽപ്പാടും' എന്ന പ്രാദേശികചരിത്രഗ്രന്ഥത്തിന്റെ രാഷ്ട്രീയം വിലയിരുത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

ഒരു നാടിന്റെ സ്വത്വം കണ്ടെത്താൻ ശ്രമിക്കുക, ഒരു പ്രദേശത്തിന്റെ മുഴുവൻ ജനതയുടെയും ചരിത്രം രേഖപ്പെടുത്തുക, ജനങ്ങളുടെ ജീവിതപ്രശ്നങ്ങളിൽ ഇടപെടുക, നിലവിലുള്ള മഹാവികസനത്തിനെതിരെ ഫലപ്രദമായ വ്യവഹാരവും പ്രയോഗപദ്ധതിയും പ്രചാരപ്പെടുത്തുക എന്നിവയെല്ലാം വർത്തമാനകാലത്ത് പ്രദേശികചരിത്രപഠനം നിർവഹിക്കേണ്ട ധർമ്മങ്ങളാണ് എങ്കിൽ ആ നിലയിൽ ശ്രദ്ധേയമായ പ്രാദേശികചരിത്രമാണ് വേലൂരിന്റെ കയ്യൊപ്പും കാൽപ്പാടും. പതിനേഴ് അധ്യായങ്ങ

ളും അഞ്ച് അനുബന്ധങ്ങളും ഉൾക്കൊള്ളുന്ന ഈ ബൃഹത്തായ പ്രാദേശികചരിത്രത്തിന്റെ ഉള്ളടക്കം തന്നെ ഗ്രന്ഥരചനയുടെ ലക്ഷ്യം വ്യക്തമാക്കുന്നു. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളിതാലൂക്കിൽ ഉൾപ്പെടുന്ന വേലൂർഗ്രാമപഞ്ചായത്തിന്റെ ചരിത്രമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ചരിത്രപഥം, വേലൂരിന്റെ ഭൂമിശാസ്ത്രം, വേലൂരിലെ കാർഷികമേഖല, സാമൂഹികജീവിതം, വിദ്യാഭ്യാസരംഗം, ആരാധനാലയങ്ങൾ ആചാരാനുഷ്ഠാനങ്ങൾ ഉത്സവങ്ങൾ, വേലൂരിന്റെ ആരോഗ്യരംഗം, വേലൂർ എങ്ങനെ സഞ്ചരിച്ചു, വ്യാപാരമേഖല, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, സഹകരണസംഘങ്ങൾ, തൊഴിൽ സംഘടനകൾ, കായികവിനോദങ്ങൾ, സാഹിത്യം, വേലൂർ രാഷ്ട്രീയരംഗം, സമരങ്ങൾ പ്രക്ഷോഭങ്ങൾ, ഇന്നത്തെ വേലൂർ എന്നീ പതിനേഴ് അധ്യായങ്ങളിലൂടെയും നാട്ടുകഥകൾ, വേലൂരിലെ കലാ- സാഹിത്യ- വിദ്യാഭ്യാസ- കായിക ശാസ്ത്ര സാങ്കേതിക- സാംസ്കാരിക വ്യക്തിത്വങ്ങൾ, വേലൂരിന്റെ ചരിത്രനിർമ്മിതിയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയവർ എന്നീ അനുബന്ധങ്ങളിലൂടെയും വേലൂരിന്റെ സമഗ്രമായ സാംസ്കാരിക - രാഷ്ട്രീയ- സാമൂഹ്യ- വിദ്യാഭ്യാസ ചരിത്ര നിർമ്മിതിക്കുള്ള ആത്മാർത്ഥമായ ചരിത്രകാരന്റെ പരിശ്രമം തിരിച്ചറിയാനാകും. കാർഷികസംസ്കാരം, നാട്ടറിവുകൾ, പരിസ്ഥിതി, സാംസ്കാരികരംഗം, രാഷ്ട്രീയരംഗം, സമരചരിത്രം, നാട്ടുകഥകൾ എന്നീ മേഖലകളിൽ ഗ്രന്ഥകാരൻ നൽകിയിട്ടുള്ള ഊന്നൽ വളരെ അഭിനന്ദാർഹമാണ്. മറ്റു പ്രാദേശികചരിത്രഗ്രന്ഥങ്ങളിൽനിന്നു വ്യത്യസ്തമായി നാട്ടറിവുകളുടെ വലിയതോതിലുള്ള സമാഹരണം ഈ പ്രാദേശികചരിത്രഗ്രന്ഥത്തിന്റെ സവിശേഷതയാണ്.

**വാമൊഴിചരിത്രശേഖരണം**

പ്രാദേശികചരിത്രകാരന്മാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഉപാദാനമായി ആധികാരികരേഖകൾ ലഭിക്കാതെ പോകുന്നു എന്നുള്ളതാണ്. അതിനാൽ പ്രാദേശികചരിത്രപഠനത്തിൽ വാമൊഴിചരിത്രത്തിനു വലിയ പ്രസക്തിയാണുള്ളത്. പല കാലങ്ങളിലൂടെ പലരാൽ രൂപപ്പെട്ടതും പലതലമുറകളിലൂടെ കൈമാറി വന്നതുമായ പ്രായോഗികജ്ഞാനങ്ങളും ചരി

ത്രാംശങ്ങളും പ്രാദേശികജനത സംരക്ഷിക്കുന്നതും വരുംതല മുറകൾക്കായി കൈമാറുന്നതും വാമൊഴിയിലൂടെയാണ്. ഒരു പ്രദേശത്തിന്റെ സമഗ്രമായചരിത്രം തേടുമ്പോൾ വിവിധ മേഖല കളിൽ അഭിക്ഷമതയുള്ള പ്രായമേറിയ വ്യക്തികളുമായുള്ള അഭി മുഖങ്ങൾ അനിവാര്യമായി വരുന്നു. ഇത്തരം അഭിമുഖങ്ങളിലൂടെ ഒരു വ്യക്തിയുടെ പ്രായോഗികജ്ഞാനം മാത്രമല്ല, പല തലമുറ കളിലൂടെ കൈമാറി ലഭിച്ച നാട്ടുവിജ്ഞാനങ്ങളും ചരിത്രാംശങ്ങ ളുമാണ് ചരിത്രകാരനു ലഭിക്കുക. അതുകൊണ്ട് വിവിധപഠനമേ ഖലകളെ നിർണ്ണയിച്ച് ശരിയായ ആവേദകരെ കണ്ടെത്തുക എന്നതാണ് പ്രാദേശികചരിത്രരചനയുടെ ആദ്യപടി. വേലൂരിന്റെ പ്രാദേശികചരിത്രം തയ്യാറാക്കാനായി 169 ആവേദകരെയാണ് വിവരശേഖരണത്തിനുവേണ്ടി സമീപിച്ചതെന്ന് പുസ്തകത്തിന്റെ അവസാനഭാഗത്ത് നൽകിയിട്ടുള്ള പേരുവിവരങ്ങളിൽനിന്നു വ്യക്തമാണ്. സമർപ്പണം എന്ന ആദ്യഭാഗത്ത് ഗ്രന്ഥകാരൻ വി വരസമാഹരണത്തിനുവേണ്ടി നടത്തിയിട്ടുള്ള പ്രയത്നത്തെക്കുറി ച്ചു സൂചിപ്പിക്കുന്നുണ്ട്. ‘വേലൂരിന്റെ ഇന്നലെകൾ’ എന്ന പേരിൽ ആദ്യം പ്രാദേശികചരിത്രത്തിന്റെ ഒരു കരടുരൂപം തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനുശേഷം പത്തുവർഷത്തെ പ്രയത്നംകൊ ണ്ടാണ് ‘വേലൂരിന്റെ കയ്യൊപ്പും കാൽപ്പാടും’ എന്ന വേലൂരിന്റെ സമഗ്രമായ പ്രാദേശികചരിത്രം പൂർത്തീകരിച്ചതെന്നാണ് ഗ്രന്ഥ കാരന്റെ മൊഴി. പുസ്തകത്തിന്റെ ഘടന അതു ബോധ്യപ്പെടുത്തും. സമരചരിത്രങ്ങളെല്ലാം സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള വ്യക്തികളുമായി നേരിട്ടു സംവദിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. അനുഭവവിവരണങ്ങളെല്ലാം പ്രഥമാകരത്തിൽനിന്നു നേരിട്ടു ശേ ഖരിച്ചത് പ്രാദേശികചരിത്രത്തിന്റെ വിശ്വാസ്യതയും മികവും വർദ്ധിപ്പിക്കുന്നു. വേലൂരിന്റെ തനതുകലകളെ ആവിഷ്കരിക്കുമ്പോ ഴും ഈ സമീപനം തന്നെയാണ് ഗ്രന്ഥകാരൻ പുലർത്തിയിട്ടുള്ള ത്. വാമൊഴിവിവരശേഖരണത്തിൽ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള കഠിനാധ്വാനം ഓരോ അധ്യായങ്ങളിലും അറിയാനാകുന്നുണ്ട്.

**നാട്ടറിവുകളും ഭാഷാപ്രയോഗങ്ങളും**

പ്രകൃതിയോടിണങ്ങി ജീവിച്ച ജനത സ്വന്തം മണ്ണിൽനി ന്നും പ്രാദേശികമായി കണ്ടെത്തിയതും പലതലമുറകളിലൂടെ

കൈമാറിക്കിട്ടിയതുമായ അറിവുകളാണ് നാട്ടറിവുകൾ. വേലൂരിന്റെ കാർഷിക മേഖല എന്ന മൂന്നാം അധ്യായത്തിൽ വേലൂരിന്റെ പ്രാദേശികമായ യുക്തിയിൽനിന്നു ജന്മമെടുത്ത പല തലമുറകളുടെ സമ്പത്തായ നാട്ടറിവുകളും ഭാഷാപ്രയോഗങ്ങളും ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ചേറ് ഇരുപത്
ഞാറ് അറുപത്
അടിക്കു മുടി
മുടിക്കു കൊട
കൊടയ്ക്കു പറ

ചേറ് കലപ്പ കൊണ്ട് ഉഴുത് ഞവരി കൊണ്ട് ഇരുപതു തവണ നിരത്തിയാൽ ഞാറു നടാൻ പാകമാകും എന്നും ഞാറിന് അറുപതു ദിവസം പ്രായമായാൽ ഒരു അടിസ്ഥലത്തു നിന്ന് ഞാറു പറിച്ചാൽ ഒരു മുടി ഞാറ് കിട്ടുമെന്നും ഒരു മുടി ഞാറുകൊണ്ട് ഒരു കുടവട്ടം സ്ഥലം നടാൻ പറ്റുമെന്നും ആ സ്ഥലം കൊയ്താൽ ഒരു പറ നെല്ല് കിട്ടുമെന്നുമാണ് മേൽ കൊടുത്ത ചൊല്ലിന്റെ അർത്ഥം.

കന്നുകാലികളിൽ നിന്നുള്ള കൃഷിസംരക്ഷണത്തിനായി വേലിയോടു ചേർത്തു വച്ചിരുന്ന നാടൻ പടികളാണ് കടമ്പ, തള്ളേതല്ലി എന്നിവ. ഇവയെക്കുറിച്ചുള്ള വിവരണത്തിനിടയിൽ ഗ്രന്ഥകാരൻ രേഖപ്പെടുത്തിയ നാട്ടുമൊഴി ഇപ്രകാരമാണ്.

കടമ്പ ചാടിക്കടക്കണം
കുണ്ടനിടവഴിയിൽ കുനിഞ്ഞു നടക്കണം
കല്ലും മുള്ളും നോക്കിച്ചവിട്ടണം
വരമ്പത്തു വഴുക്കാതെ നോക്കണം

മുതിർന്നവർ കുട്ടികൾക്കു പറഞ്ഞുകൊടുത്തിരുന്ന ഈ നാട്ടുമൊഴിയിൽനിന്നും തെളിയുന്നത് കഴിഞ്ഞുപോയ കാലത്തെ ജീവിതസന്ദർഭങ്ങളിലൊന്നാണ്.

വേലൂരിലെ ഉൾനാടൻ മത്സ്യസമ്പത്തിനെക്കുറിച്ച് പരാമർശിക്കുമ്പോഴും ഒരു നാട്ടു ചൊല്ല് ഇടം കണ്ടെത്തിയിട്ടുണ്ട്. ബ്രാൽ (വരാൽ) മത്സ്യവും അതേ രൂപഘടനയും വലുപ്പം കൂടതലുള്ളതുമായ ചേറൻ അഥവാ വാക എന്ന വകഭേദദേവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചു പറയുമ്പോൾ ഗ്രന്ഥകാരൻ ആശ്രയിക്കുന്ന നാട്ടുമൊഴി താഴെക്കൊടുക്കുന്നു.

മുഴത്തിൽ കവിഞ്ഞ് ബ്രാലില്ല
മുട്ടിനു മീതെ കോഴിയില്ല
അരയ്ക്കു മീതെ ആടില്ല
ദണ്ഡിൽ കവിഞ്ഞ് ആനയില്ല

കന്നുകാലികളെ വളർത്തുമ്പോൾ മൃഗലക്ഷണങ്ങൾ നോക്കിയിരുന്നു. രാജച്ചൂഴി, വിലങ്ങൻച്ചൂഴി, പണ്ടമുറിഞ്ഞച്ചൂഴി, കൊടയിൽ മേൽ കൊട, നാഗപടം എന്നിങ്ങനെയുള്ള ചൂഴികളെക്കുറിച്ച് ചരിത്രകാരന്റെ വിവരണം നോക്കുക. "മൂരി, പശു എന്നിവയ്ക്ക് ചൂഴിക്കുറ്റം ഉണ്ടോ എന്നറിയാൻ ആളുകൾക്ക് ഏറെ കൗതുകമുണ്ടായിരുന്നു. രാജച്ചൂഴിയാണ് ഏറെ ലക്ഷണമൊത്തത്. പൂഞ്ഞയുടെ മുകളിൽ ചൂഴിയുണ്ടെങ്കിൽ അത് രാജച്ചൂഴിയാണ്. അത്തരത്തിലുള്ള മൂരികളെയും പശുക്കളെയും വളർത്തിയാൽ അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാവുമെന്നായിരുന്നു വിശ്വാസം. മറ്റൊരിനം ചൂഴിയാണ് വിലങ്ങൻച്ചൂഴി. മുതുകത്ത് വശത്തുകൂടി ചൂഴിയുണ്ടാകുന്നതാണ് വിലങ്ങൻച്ചൂഴി. ഇതു നല്ല ലക്ഷണമായി കരുതിയിരുന്നില്ല. വേറെയൊരിനം ചൂഴിയാണ് പണ്ടമുറിഞ്ഞച്ചൂഴി. മുതുകിൽ നിന്നു താഴോട്ട് ഇറങ്ങിയ ചൂഴിയാണിത്. ഇത്തരം മൃഗങ്ങൾക്ക് ബലമുണ്ടാവില്ലത്രേ. കൊടയിൽ മേൽ കൊട - നെറ്റിയിൽ ചൂഴിയുള്ളവയെയാണ് ഇങ്ങനെ പറയാറുള്ളത്. ഇത് നല്ല ലക്ഷണമല്ല. നാഗപടം -വാലിന് താഴെ ചൂഴി. ഇത്തരം പശുക്കളും മൂരികളും വീട്ടിലുണ്ടെങ്കിൽ പാമ്പിന്റെ ഉപദ്രവം ഉണ്ടാകുമത്രേ" (പു. 71-72).

മണ്ട കനം കുറവ്, കാലും കയ്യും കനം കുറവ്, കൊമ്പുകൾക്ക് അകൽച്ച കൂടുതൽ, കൊളമ്പുകൾക്ക് അടുപ്പം കൂടുതൽ, കണ്ണ് തുറിച്ചത്, വലിയ കണ്ണുള്ളത്, കരിമ്പൻ എന്നിവയാണ് നല്ല കന്നുകാലി ലക്ഷണങ്ങളായി കണക്കാക്കിയിരുന്നത്. കന്നുകാലി ലക്ഷണത്തെക്കുറിക്കുന്ന വേലൂരിലെ നാട്ടുചൊല്ല് ഇപ്രകാരമാണ്.

കൊമ്പിലകന്ന് കൊളമ്പിൽ കൂടി
താടഞൊറിഞ്ഞ് വാലതു കൂർത്താൽ
കോലതു വേണ്ട.

ഈ ലക്ഷണങ്ങൾ ഒത്തുവരുന്ന കന്നുകാലികൾ കൃഷിപ്പണിയ്ക്ക് നന്നായി ഇണക്കമുള്ളവയായിരിക്കും. കോലെടുത്ത് മെരുക്കേണ്ട ആവശ്യം ഉണ്ടാകുകയില്ലെന്നു സാരം.

കൃഷിയുമായി ബന്ധപ്പെട്ട് നാട്ടുജീവിതത്തിൽ പ്രയോഗിച്ചി

രുന്ന നിരവധി ഭാഷാപ്രയോഗങ്ങൾ ഈ അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദി പാതി പാറ്റ: കൃഷിക്കായി വിത്തുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട നാട്ടുചൊല്ല്. കോടി (ആദ്യമായി) കായ്ക്കുന്ന പ്ലാവിന്റെ ചക്കയുടെ കുരുവാണ് മികച്ച പ്ലാവിന്റെ തൈ ഉണ്ടാക്കാൻ ഏറ്റവും നല്ലത്. അതാണ് ആദി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പകുതി പ്രായമായ നാടൻ തെങ്ങിന്റെ (ചുരുങ്ങിയത് 35 വയസ്സെങ്കിലും) തേങ്ങയാണ് തെങ്ങിൻതൈ ഉണ്ടാക്കാൻ ശേഖരിക്കേണ്ടത്. അതിനെയാണ് പാതി എന്നു വിവക്ഷിക്കുന്നത്. ഏറ്റവും പ്രായമായ നാടൻ കമുകിന്റെ അടയ്ക്കയാണ് കമുകിൻതൈ ഉണ്ടാക്കാൻ അനുയോജ്യം. വളരെ പ്രായമായ കമുകിനെയാണ് പാറ്റ എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. മേൽത്തരം പ്ലാവ്, തെങ്ങ്, കമുക് എന്നിവ വച്ചു പിടിപ്പിക്കാൻ ഈ ചൊല്ല് ഏറെ പ്രയോജനപ്രദമാണ്.

അകത്തി നട്ടാൽ അകത്ത്
അടുത്തു നട്ടാൽ പുറത്ത്

അകത്തി നട്ടാൽ ധാരാളം നെല്ലുണ്ടാകും. നെല്ല് അകത്ത് അറയിൽ സംഭരിക്കാം. അടുത്തു നട്ടാൽ വൈക്കോലായിരിക്കും അധികമുണ്ടാകുക. വൈക്കോൽ വീട്ടിനു പുറത്താണല്ലോ ശേഖരിച്ചു വയ്ക്കുക.

കരേട്ടു പേറുക: നെൽകൃഷിയുമായി ബന്ധപ്പെട്ട ഒരു ഭാഷാപ്രയോഗം. നട്ടതിനു ശേഷം ഒരാഴ്ച കഴിയുമ്പോഴേക്കും പുതിയ കൂമ്പു വന്ന് ഞാറ് കറുത്തിരുണ്ട് നിൽക്കും. അതിനെയാണ് കരേട്ടു പേറുക എന്നു പറയാറ്.

കരിങ്കുറപ്പണി: ആയില്യം ഞാറ്റുവേലയിൽ ഞാറു നടുന്നതിനെ പറയുന്ന പേര്.

കാറ്റത്തിടുക: കറ്റമെതിച്ച് കഴിഞ്ഞ് നെല്ലും പതിരും വേർതിരിക്കുന്നത്.

മുതിരപ്പുഴുക്കു കഴിച്ചാൽ മഴകൊണ്ടാലും തണുക്കില്ല. മുതിരയുടെ ഗുണം വ്യക്തമാക്കുന്ന ചൊല്ല്.

വിളവെടുപ്പിന് ഓരോ ധാന്യത്തിനും വ്യത്യസ്ത ഭാഷാപ്രയോഗങ്ങളാണ് നാട്ടുകൃഷിയിൽ ഉണ്ടായിരുന്നത്. ഉദാ: ചാമ കൊയ്യുക എന്നു പറയാറില്ല. ചാമ അരിയുക എന്നാണ് പറയാറ്.

മുതിരയാകട്ടെ വലിക്കുക എന്നും. കഞ്ഞിപ്പുല്ല് നടുന്നതിനെ നടുക എന്നല്ല പാവുക എന്നാണ് പറയാറ്.

ഞാറ്റുവേലയും മഴയുമായി ബന്ധപ്പെട്ട് മൂന്നാം അധ്യായ ത്തിൽ ശേഖരിച്ചിരിക്കുന്ന ചൊല്ലുകൾ ഇവയാണ്. തിരുവാതിര തിരിമുറിയാതെ പെയ്യും, പുണർത്തത്തിൽ പോത്തിൻപുറത്തും പുല്ല്, തിരിഞ്ഞുടനെ ഇടിവെട്ടിയാൽ തിരുമുറ്റത്ത് വെള്ളം, ചോതിയിൽ മഴപെയ്താൽ ചോദിക്കേണ്ട, തുലാമാസത്തിലെ വാവുകഴിഞ്ഞാൽ വർഷമില്ല. ചിത്തിരയിൽ ചിതറിച്ചുപെയ്യും. ഇത്തരം മഴചൊല്ലുകൾ തൃശ്ശൂർ ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളി ലും സമാനമാണ്.

നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന പ്രാചീനമായ ജീ വിതബന്ധങ്ങളാണ് ഒരു ആർക്കൈവിൽ നിന്നെന്നപോലെ അധ്യായം മൂന്നിൽനിന്നും ലഭിക്കുന്നത്. പ്രകൃതിവിരുദ്ധമായ വി കസനരീതികളെ ഉപേക്ഷിച്ച് പാരിസ്ഥിതികവിവേകത്തോടെ യുള്ള വികസനപ്രവർത്തനങ്ങൾ ഒരേയൊരു പോംവഴിയായി മാറിയ സമകാലീനസാഹചര്യത്തിൽ ഇത്തരം നാട്ടറിവുകൾ വരും തലമുറയ്ക്ക് ഒരു പ്രതിരോധജ്ഞാനരീതിമാത്രമല്ല, അതി ജീവനോപാധികൂടിയാണ്. അതിനാൽ മുതലാളിത്തത്തിന്റെ പുതുരൂപങ്ങൾ ഇന്നത്തെ സമൂഹത്തെ അന്യവത്കരിക്കുമ്പോൾ പ്രദേശത്തിന്റെ സാംസ്കാരികസ്വത്വം പ്രക്ഷേപണം ചെയ്യുന്ന നാ ട്ടറിവുകളുടെ ശേഖരണവും സംയോജനവും വലിയ പ്രതിരോധമൂ ല്യമാണ് മുന്നോട്ട് വയ്ക്കുന്നത്. ഇവ ചരിത്രകാരൻ രേഖപ്പെടുത്തി യില്ലായിരുന്നുവെങ്കിൽ ആഴത്തിലുള്ള പ്രകൃതിയറിവുകളാണ് എന്നന്നേയ്ക്കുമായി ഇല്ലാതായിപ്പോകുമായിരുന്നത്.

**ജൈവവൈവിധ്യം**

വേലൂരിലെ ജൈവവൈവിധ്യം ഏറ്റവും കൂടുതൽ അടയാ ളപ്പെടുത്തിയിരിക്കുന്നത് വേലൂരിലെ കാർഷികമേഖല എന്ന മൂന്നാം അധ്യായത്തിലാണ്. തവളക്കണ്ണൻ, ചെമ്പാവ്, ആര്യങ്കാ ളി, കട്ടമോടൻ, കുഴങ്കഴമ, ആര്യൻ, പള്ള്യാല്, ചീര എന്നീ നെൽ വിത്തുകളെക്കുറിച്ചും ചെടയൻ, പൊടിയൻ, കൊയ്ത്ത, കരുവാത്തി, പരൽ, മുണ്ടത്തി, കട്ട, ആരൽ, ബ്രാൽ, ചേറൻ, മുശു, മുശുപ്പാമ്പ്, പോട്ടപ്പൊടി, കോലാൻ, പൊരുക്ക്, ചീക്കുരി, വയമ്പ്, കൊമ്പി

പ്പരൽ, തൊണ്ണ, കല്ലാരൽ, വാള, മലിഞ്ഞിൽ എന്നീ ഉൾനാടൻ മത്സ്യയിനങ്ങളെക്കുറിച്ചും പരാമർശമുണ്ട്. കന്നുകാലിയിനങ്ങളുടെ വിവരങ്ങൾ വളരെ സൂക്ഷ്മമായിട്ടാണ് ജോൺ ജോഫി സി. എഫ്. വിശകലനം ചെയ്ത് അവതരിപ്പിച്ചിരിക്കുന്നത്.

"പശു രണ്ടിനങ്ങളായിരുന്നു. ഒന്ന് നാടൻ, മറ്റേത് കിഴക്കൻ. നാടൻ ഇനത്തിൽത്തന്നെ ചോപ്പ്, കറുപ്പ്, പാണ്ട്, വെള്ളനിറമുള്ളവ എന്നിങ്ങനെയുണ്ടായിരുന്നു. നാടൻ ഇനത്തിനു വലുപ്പം താരതമ്യേന കുറവായിരുന്നു. കിഴക്കൻ ഇനത്തിനു നല്ല ഉയരമുണ്ടായിരുന്നു. വെള്ള, കരിമ്പൻ എന്നീ വിഭാഗങ്ങളുണ്ടായിരുന്നു. കിഴക്കൻ വിഭാഗത്തിനു കൊമ്പ്, കണ്ണിൻ തടം, മൂക്ക്, ചുണ്ട്, കുളമ്പ് എന്നീ ഭാഗങ്ങളിലെല്ലാം കറുപ്പുനിറമായിരുന്നു. പോത്ത് രണ്ടിനങ്ങളുണ്ടായിരുന്നു. നാടൻ, കാട്ടി. നാടൻപോത്തിലെ ഒരു പ്രത്യേക ജനുസ്സായിരുന്നു ചെമ്പൻ. ഇതിൽത്തന്നെ കീരിച്ചെമ്പനും ചെമ്പനും ഉണ്ടായിരുന്നു. മറ്റൊരിനമായിരുന്നു കാരി. കാരി കറുത്തതായിരുന്നു. പോത്തിനെ നിലം ഉഴുന്നതിനും വണ്ടിവലിക്കാനും ഉപയോഗിച്ചിരുന്നു. വണ്ടിപ്പോത്തുകൾക്ക് കാലിൽ ലാടം (ഇരുമ്പുതകിട്) അടിക്കാറുണ്ടായിരുന്നു. മൂരികൾ മൂന്നിനങ്ങൾ ഉണ്ടായിരുന്നു. കിഴക്കൻ, നാടൻ, വടക്കൻ. എരുമകളെ പാലിനും ഇറച്ചിക്കും വേണ്ടി വളർത്തിയിരുന്നു. എരുമകൾ രണ്ടിനങ്ങളായിരുന്നു. നാടൻ, കാട്ടി അഥവാ പൊള്ളാച്ചി. നാടൻ എരുമയിൽ ചെമ്പി എരുമ, കറുത്ത എരുമ (കാരി) എന്നിങ്ങനെ രണ്ടുതരമുണ്ടായിരുന്നു. ശരാശരി ഒരു എരുമയിൽനിന്ന് നാലഞ്ചു ലിറ്റർ പാലാണ് ലഭിച്ചിരുന്നത്. എന്നാൽ പൊള്ളാച്ചി എരുമയിൽനിന്ന് എട്ടുപത്തു ലിറ്റർവരെ പാൽ ലഭിച്ചിരുന്നു" (71).

നാടൻ പശുവിന്റെയും മൂരിയുടെയും സാമാന്യനിറങ്ങളും ഗ്രന്ഥകാരൻ പറയുന്നുണ്ട്. കരിമ്പൻ, മയിലൻ, വെള്ളോട്ടിമയിലൻ, പുല്ല, മൊഹാലപാണ്ടൻ, കറപ്പൻ, കോഴിമുട്ടവെള്ള, ചെമ്പോത്തുമയിലൻ, വെള്ള എന്നിവയാണ് പശുവിന്റെയും മൂരിയുടെയും നിറങ്ങൾ.

വേലൂരിലെ വാഴയിനങ്ങളെക്കുറിച്ചു പറയുമ്പോൾ നേന്ത്രവാഴയിലെത്തന്നെ ഉപവിഭാഗങ്ങളായ കുഴിനേന്ത്ര, നെടുനേന്ത്ര, കിളിച്ചുണ്ടൻ, ആനക്കൊമ്പൻ, ചെങ്ങഴിക്കോടൻ എന്നിവയുടെ സവിശേഷതകൾ വിവരിക്കുന്നുണ്ട്. മികച്ചയിനം നേന്ത്രവാഴ

യിനങ്ങളായ ചെങ്ങഴിക്കോടനെക്കുറിച്ചും കിളിച്ചുണ്ടനെക്കുറിച്ചുമുള്ള വിവരണം നാടിന്റെ ഭൂപ്രകൃതിയുടെ സവിശേഷകതൾ കൂടി അനാവരണം ചെയ്യുന്നവയാണ്. കിളിച്ചുണ്ടൻ നേന്ത്രവാഴ വേലൂർ പഞ്ചായത്തുപരിസരങ്ങളിൽ 10 വർഷം മുമ്പുവരെ ഉണ്ടായിരുന്നു. വലിപ്പം കുറഞ്ഞ് നന്നായി ഉരുണ്ട പഴം തരുന്ന ഈ നേന്ത്രവാഴയിനം അന്യംനിന്നു പോയി. ചെങ്ങഴിക്കോടനേക്കാൾ മധുരമാണ് കിളിച്ചുണ്ടന്. തലപ്പിള്ളി രാജാവിന്റെ സാമന്തദേശമായിരുന്ന ചെങ്ങഴിദേശത്തെ ചരൽചേർന്ന മണ്ണും മണൽ ചേർന്ന മണ്ണും ഉള്ള സ്ഥലങ്ങളിൽ വെയ്ക്കുന്ന നേന്ത്രവാഴയിനങ്ങളുടെ പഴങ്ങൾക്ക് മധുരം കൂടുതലായിരുന്നു. ചെങ്ങഴി പ്രവർത്തി പ്രദേശം മുഴുവൻ കൃഷി ചെയ്തിരുന്ന പ്രത്യേക ഇനം നേന്ത്രനായിരുന്നു ചെങ്ങഴിക്കോടൻ. വേലൂർ, തയ്യൂർ, പഴവൂർ, എരുമപ്പെട്ടി, വടക്കാഞ്ചേരിയുടെ കുറച്ചുഭാഗം, നെല്ലുവായ് തുടങ്ങിയ പ്രദേശങ്ങളിൽ മാത്രം കൃഷി ചെയ്തിരുന്ന ഇനമാണിത്. ഇതിനു പ്രത്യേക വാഴവിത്തുകൾ ഉണ്ടെന്ന് പറയാനാകില്ല. മണ്ണും കാലാവസ്ഥയും കൃഷിരീതികളുമായിരുന്നു ചെങ്ങഴിക്കോടനെ ചെങ്ങഴിക്കോടനാക്കി നിലനിർത്തിയിരുന്നത്. സ്വർണ്ണ വർണ്ണമുള്ള നീണ്ടിരുണ്ട നല്ല മധുരമുള്ള വാഴപ്പഴമാണ് ചെങ്ങഴിക്കോടൻ. ചെങ്ങഴിക്കോടന്റെ സവിശേഷത വ്യക്തമാക്കുന്ന ഒരു നാട്ടുകഥ ചരിത്രകാരൻ പരാമർശിക്കുന്നുണ്ട്. കൊച്ചിരാജാവിന് ഓണത്തിന് തലപ്പള്ളി രാജാക്കൻമാർ ചെങ്ങഴിക്കോടൻ സമർപ്പിച്ചിരുന്നു. ഒരിക്കൽ കായവറുക്കാനായി ചെങ്ങഴിക്കോടൻ നേന്ത്രക്കായയായിരുന്നില്ല ദേഹണ്ഡക്കാർ ഉപയോഗിച്ചിരുന്നത്. ഓണസ്സദ്യയുണ്ട അന്ധനായ നമ്പൂതിരി കായനുറുക്ക് കൈവിരൽകൊണ്ട് ഞരടിനോക്കി ഇത് ചെങ്ങഴിക്കോടനല്ലല്ലോ എന്ന് ചോദിച്ചുവത്രേ (65).

### നാട്ടുകഥകൾ

തലമുറകളിലൂടെ കൈമാറി ലഭിച്ച നാട്ടുകഥകൾ ഓരോ പ്രദേശത്തും ഉണ്ടാകും. സാമൂഹിക പ്രക്രിയയുടെഭാഗമായാണ് നാട്ടുകഥകൾ ഉണ്ടാകുന്നത്. നാടിന്റെ സ്വത്വത്തിന്റെ അവിഭാജ്യഭാഗമായതുകൊണ്ടാണ് അവ ജനമനസ്സുകളിൽ ഇന്നും നിലനിൽക്കുന്നത്. സാമൂഹികപ്രക്രിയ മനസ്സിലാക്കാനുള്ള ഒരു

ഉറവിടം തന്നെയാണ് നാട്ടുകഥകളും. ചെറിയ അനുഭവകഥകൾ ബൃഹദാഖ്യാനങ്ങളിൽ വിള്ളലുകളുണ്ടാക്കുമെന്ന് നവചരിത്രവാദികളായ കാതറീൻ ഗാലഘറും സ്റ്റീഫൻ ഗ്രീൻബ്ലാറ്റും (2000: 51) പറയുന്നതിനെ സാധൂകരിക്കുന്നതാണ് കോഴിക്കാലൻ ഔസേഫ്, മണലിക്കാവിലെ രാവുണ്ണിവെളിച്ചപ്പാട്, സത്യം കൃത്യം വേണം വൃത്തീം വെടിപ്പും വേണം, വേലുനായർ, ചെങ്ങഴി നമ്പ്യാർ, കിരാലൂർ താമരത്തിരുത്തിയിലെ അവണപ്പറമ്പ് മന, ചൂരലുമായി ശൌര്യാര് പുണ്യാളൻ എന്നീ അനുബന്ധം ഒന്നിലെ നാട്ടുകഥകൾ. വ്യവസ്ഥാപിത ചരിത്രവ്യവഹാരങ്ങളിൽനിന്ന് വ്യത്യസ്തമായൊരു എതിർചരിത്രരൂപീകരണത്തിന് ഇവ വലിയ പങ്കുവഹിക്കുന്നു. ഈ കഥകളിലെ വിചിത്രസ്വഭാവികളായ മനുഷ്യരുടെ അനുഭവങ്ങളിലെ ചരിത്രാംശങ്ങൾ ചരിത്രത്തിന്റെ ചലനാത്മകതയും സാഹിത്യത്തിന്റെ സൃഷ്ടിപരതയും പരസ്പരം മേളിക്കുന്നതിന് ഉദാഹരണമാണ്.

**പരിസ്ഥിതിചിന്ത**

ചരിത്രകാരൻ വളരെ പാരിസ്ഥിതികജാഗ്രതയോടെ എഴുതിയ അധ്യായമാണ് വേലൂരിന്റെ മാറുന്ന പരിസ്ഥിതി എന്ന പതിനാറാം അധ്യായം. ഏതൊക്കെ സസ്യജന്തുജാലങ്ങളാണ് മനുഷ്യന്റെ വിവേകരഹിതമായ ഇടപെടൽമൂലം വേലൂരിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതെന്ന് ഇവിടെ സൂക്ഷ്മമായി രേഖപ്പെടുത്തിയിരിക്കുന്നു. ചെടയൻ (കൈപ്പത്തി നീളത്തിൽ മാത്രം വളർന്നിരുന്ന വരാൽ മത്സ്യത്തിനോട് സാദൃശ്യമുള്ള മത്സ്യം), തൊണ്ണ, കല്ലാരൽ, ചീക്കുരി എന്നീ ഉൾനാടൻ ശുദ്ധജലമത്സ്യങ്ങൾ നെൽപ്പാടങ്ങളിലെ രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും പ്രയോഗംമൂലം വേലൂരിൽനിന്നു തീർത്തും അപ്രത്യക്ഷമായത് ചരിത്രകാരൻ കണ്ടെത്തിയിരിക്കുന്നു. കൂടാതെ, കുറുക്കൻപഴം, കാരപ്പഴം എന്നിങ്ങനെയുള്ള നാടൻപഴങ്ങളും കുന്നിക്കുരു, മഞ്ചാടിക്കുരു എന്നീ വിത്തുകളും ആയുർവേദ മരുന്നുകളായി ഉപയോഗിച്ചിരുന്ന സസ്യങ്ങളും മുയൽ, മുള്ളൻപന്നി, ഈനാംപേച്ചി, ഉടുമ്പ്, ചമ്മലക്കോഴി (ഒരിനം കാട്ടുകോഴി) എന്നീ ജീവജാലങ്ങളും വേലൂരിൽ അത്യപൂർവ്വമായി മാറിയതും നാട്ടിലെ ആവാസവ്യവസ്ഥയിൽ കാണുവാനാകാതിരുന്ന മയി

ലിന്റെ നിത്യസാന്നിധ്യവും രാജവെമ്പാലയുടെ സാന്നിധ്യവും ആശങ്കയോടെയാണ് ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. കോടേരിക്കുന്നിലെ കരിങ്കൽക്വാറികളും തയ്യൂർ കോട്ടക്കുന്നിലെ യൂക്കാലി, അക്കേഷ്യ, മാഞ്ചിയം മരങ്ങളും റബർ, പൈനാപ്പിൾ കൃഷികളുടെ വ്യാപനവും, നെൽകൃഷിയുടെ ശോഷണവും വേലൂരി ലുണ്ടാക്കിയിട്ടുള്ള പാരിസ്ഥിതികപ്രശ്നങ്ങൾ ഈ അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. വേലൂരിൽ സമീപകാലത്തുണ്ടാ യിട്ടുള്ള പരിസ്ഥിതിപ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള പ്രായോഗികനിർദ്ദേശങ്ങളും വ്യക്തമാക്കുന്ന ഈ അധ്യായം പ്രാ ദേശികചരിത്രം മാറിയകാലത്തു മുന്നോട്ടു വയ്ക്കേണ്ട രാഷ്ട്രീയാദർശ ത്തിനു ഉത്തമോദാഹരണമാണ്.

**സമരചരിത്രം**

വേലൂരിന് മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് സവിശേഷമാ യൊരു സമരചരിത്രമുണ്ട്. സമരങ്ങൾ പ്രക്ഷോഭങ്ങൾ എന്ന പതിനഞ്ചാംഅധ്യായത്തിൽ ഇവയെല്ലാം രേഖപ്പെടുത്തുമ്പോൾ മർദ്ദിതരുടെ സാമൂഹികസ്മരണകളുടെ സംരക്ഷണമാണ് ഗ്രന്ഥ കാരൻ നിർവഹിക്കുന്നത്. 1955 ലെ കനാൽസമരം, 1955 ലെ വടക്കേപിരി - തെക്കേപിരി സമരം, 1956-ലെ മണിമലർക്കാ വിലെ മാറുമറയ്ക്കൽസമരം, കുടിയൊഴിപ്പിക്കൽ വിരുദ്ധസമരം 1956, തയ്യൂരിലെ വേലുവിന്റെ പ്ലാവുമുറിക്കുന്നതിനെതിരായ സമരം 1956, എന്നീ വേലൂരിലുണ്ടായ സമരങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്താത്തവയാണ്. തൃശ്ശൂർ ജില്ലയുടെ സമരചരിത്രത്തി ലെ ഒരു നാഴികക്കല്ലാണ് സംഘടിക്കേണ്ടതിന്റെ ആവശ്യക തയും അവകാശബോധവും തൊഴിലാളികളിൽ ജനിപ്പിച്ച 1955 ലെ വേലൂരിലെ കനാൽ സമരം. ഈ സമരത്തിന്റെ സുദീർഘ വിവരണം വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ പതിനഞ്ചാം അധ്യായത്തിൽ നല്കിയിരിക്കുന്നു. കനാൽസമരത്തിലും പുരുഷ ന്മാരോടൊപ്പം അതിധീരമായ പങ്കുവഹിച്ച സ്ത്രീവ്യക്തിത്വങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം കണ്ടെടുക്കാനും വ്യക്തമായി രേഖപ്പെ ടുത്താനും ഗ്രന്ഥകാരൻ പ്രത്യേകം ജാഗ്രത പുലർത്തിയിട്ടുണ്ട്. രണ്ടു നൂറ്റാണ്ടുമുമ്പ് സ്വാതന്ത്ര്യപൂർവ്വകേരളത്തിൽ അരങ്ങേറിയ ആദ്യത്തെ മനുഷ്യാവകാശ സമരങ്ങളിലൊന്നായ ചാന്നാർ

ലഹള എന്ന മാറുമറയ്ക്കൽ സമരത്തിന്റെ തുടർച്ചയെന്നോണം വേലൂരിൽ നടന്ന സമരം ഇനിയും ചരിത്രകാരന്മാരുടെ ശ്രദ്ധ പതിയേണ്ടുന്ന ഒന്നാണ്. വേലൂർ മണിമലർക്കാവിലെ കുംഭഭരണിയോടനുബന്ധിച്ച് സ്ത്രീകൾ താലമെടുക്കുമ്പോൾ മാറുമറയ്ക്കാൻ പാടില്ല എന്നായിരുന്നു ആചാരം. താലമെടുക്കുന്ന സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള അവകാശം വേണമെന്നും നായർ സമുദായത്തിലെ സ്ത്രീകളോടൊപ്പം മറ്റു സമുദായങ്ങളിലെ സ്ത്രീകൾക്കും മാറു മറയ്ക്കാനവകാശം വേണമെന്നുമുള്ള സമരക്കാരുടെ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു. എ. എസ്. എൻ. നമ്പീശൻ മാസ്റ്ററോടൊപ്പം സമരത്തിനു നേതൃത്വം നൽകിയവരായിരുന്ന വേളത്ത് ലക്ഷ്മിക്കുട്ടി, കെ. സി. കാളിക്കുട്ടി, കെ.കെ. കുറുമ്പ, അത്താണിക്കൽ ജാനകി, വേളത്ത് വള്ളിമ്മു, വെള്ളറോട്ടിൽ മീനാക്ഷി, ഞാലിൽ അമ്മു, വെള്ളാറ്റഞ്ഞൂരിലെ കാഞ്ഞിരപ്പറമ്പിൽ നീലി, നെല്ലിക്കൽ ജാനകി, കാഞ്ഞിരപ്പറമ്പിൽ കാളി എന്നീ സമരനായികമാർ. മുഖ്യധാരാചരിത്രങ്ങളിലൊന്നും ഇടംകിട്ടാതെപോയ വേലൂരിലെ മാറുമറയ്ക്കൽസമരം വേലൂർ ഗ്രാമപഞ്ചായത്തിന്റെ ചരിത്രത്തിലെ പ്രധാനസംഭവം മാത്രമല്ല, കേരളചരിത്രത്തിലെതന്നെ സ്ത്രീമുന്നേറ്റചരിത്രത്തിന്റെ പ്രധാനസംഭവങ്ങളിലൊന്നാണ്. വേലൂരിലെ മാറുമറയ്ക്കൽസമരത്തിനും ആ സമരത്തിലെ ധീരസമരനായികകൾക്കും ശ്രദ്ധേയമായ സ്ഥാനം ചരിത്രരചനയിൽ നൽകാൻ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഇ. എം. എസ് നമ്പൂതിരിപ്പാട് (2018: 102) കേരളീയ നവോത്ഥാനത്തിന്റെ മൂന്നുപടികളായി വിശേഷിപ്പിക്കുന്ന മൂന്നു സംഭവങ്ങളുണ്ട്. 1888 ലെ അരുവിപ്പുറം പ്രതിഷ്ഠയും 1889 ലെ ഇന്ദുലേഖയുടെ പ്രസിദ്ധീകരണവും 1891 ലെ മലയാളി മെമ്മോറിയലുമാണത്. അരുവിപ്പുറം പ്രതിഷ്ഠയിലൂടെയും മലയാളി മെമ്മോറിയലിലൂടെയും സ്വന്തം ആവശ്യങ്ങൾ അധികാരകേന്ദ്രങ്ങളെ ബോധ്യപ്പെടുത്താൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം കേരളത്തിലെ ഉപരിവർഗ്ഗത്തിനു കീഴിലുള്ള ജനത സ്വീകരിച്ച രീതിശാസ്ത്രം ഉപയോഗിച്ചാണ് നവോത്ഥാനത്തിന്റെ ഭാഗമായി നിരവധി സമരപോരാട്ടങ്ങൾ പിന്നീട് കേരളത്തിലുണ്ടാകുന്നത്. കനാൽസമരം, വടക്കേപിരി - തെക്കേപിരി സമരം, മണിമലർക്കാവിലെ മാറുമറയ്ക്കൽസമരം, കുടിയൊഴിപ്പിക്കൽ

വിരുദ്ധസമരങ്ങൾ, ആലപ്പുഴയിലെ ഒരണബോട്ടുസമരം വിമോചനസമരം എന്നിവയ്ക്കുണ്ടായ പ്രതികരണങ്ങൾ, ഭക്ഷ്യസമരം, മിച്ചഭൂമി സമരം, എന്നീ സമരങ്ങളെയൊക്കെ പ്രതിപാദിക്കുമ്പോൾ കേരളീയ നവോത്ഥാനത്തിന്റെ ഭാഗമായുള്ള സമരപാരമ്പര്യങ്ങളോട് കണ്ണിചേരുന്ന ഒരു പാരമ്പര്യം വേലൂരിനുണ്ടെന്ന് കണ്ടെത്താൻ ചരിത്രകാരനു കഴിയുന്നു.

**ആചാരാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, വിനോദങ്ങൾ**

ഏതൊരു പ്രാദേശികക്കൂട്ടായ്മയിലും സ്വന്തം ദേശത്തിന്റെ സ്വത്വത്തെയും സംസ്കാരത്തെയും പ്രക്ഷേപണം ചെയ്യുന്ന നാടൻ കലകളും വിനോദങ്ങളും കാണാം. ഇവയെക്കൂടി പരിഗണിച്ചാലേ പ്രാദേശികചരിത്രപഠനം പൂർണ്ണമാകൂ. ആചാരാനുഷ്ഠാനങ്ങളോട് ബന്ധപ്പെട്ട ഗ്രാമീണ കലാരൂപങ്ങൾ കേരളത്തിന്റെ പല ഭാഗത്തും ഉണ്ട്. പക്ഷേ, ഓരോ പ്രദേശത്തും ഈ കലാരൂപങ്ങൾക്ക് വ്യത്യാസമുണ്ട്. ഉദാഹരണത്തിന് മലവാഴിയാട്ടം എടുക്കാം. തൃശ്ശൂർജില്ലയിൽത്തന്നെ ഈ കലാരൂപത്തിന് പാഠഭേദങ്ങളുണ്ട്. ഇത്തരം പ്രാദേശികമായ വ്യതിയാനങ്ങൾ മിക്ക നാടൻകലകൾക്കുമുണ്ട്. ഈ വ്യത്യസ്തതകളെല്ലാം മനസ്സിലാക്കിയാലേ ഇവയെ ശരിയായി പഠിക്കാനാകൂ. അധ്യായം ആറിൽ വേലൂരിലെ മലവാഴിയാട്ടം, പോത്തോട്ടം, കാളകളി, പാനയംകളി, ബ്രാഹ്മണിപ്പാട്ട്, നത്തുണിപ്പാട്ട്, ചോഴികളി, ശങ്കരനായാടി, ആണ്ടികെട്ടൽ എന്നീ കലാരൂപങ്ങളെക്കുറിച്ച് ജോൺ ജോഫി സി. എഫ്. പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ പറയസമുദായത്തിന്റെ അനുഷ്ഠാനകലയായ മലവാഴിയാട്ടം, പോത്തോട്ടം, കാളകളി എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ കലാനിരൂപകർക്കും ഫോക്‌ലോർ പഠിതാക്കൾക്കും ചരിത്രകാരന്മാർക്കും വളരെ സഹായകമാണ്. പാനയംകളി, ബ്രാഹ്മണിപ്പാട്ട്, ഭഗവതിപ്പാട്ട് എന്നീ സവർണ്ണകലാരൂപങ്ങളെപ്പോലെത്തന്നെ പറയസമുദായത്തിന്റെ മലവാഴിയാട്ടം, പറയ- പുലയസമുദായത്തിന്റെ പോത്തോട്ടം, പുലയസമുദായത്തിന്റെ കാളകളി, മണ്ണാൻ സമുദായത്തിന്റെ നത്തുണിപ്പാട്ട്, പാണസമുദായത്തിന്റെ തുയിലുണർത്തുപാട്ട് ശങ്കരനായാടി എന്നീ കലാരൂപങ്ങൾ രേഖപ്പെടുത്തിയത് കീഴാളജീവിതപ്രതിനിധാനത്തിന് സാമൂഹികചരിത്രവിശകലനത്തിൽ

അർഹമായ സ്ഥാനം നൽകുകയാണ് ചെയ്തിരിക്കുന്നത്. വേലൂരിന്റെ തനതുകലകളെയും സംസ്കാരത്തെയും കണ്ടെത്താൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുള്ളത് കേരളത്തിന്റെ സാംസ്കാരികചരിത്രത്തിനും സഹായകമായിത്തീരുന്നു. ഈ അധ്യായത്തിൽത്തന്നെ ദേശവുമായി ബന്ധപ്പെട്ട ഉത്സവങ്ങളെക്കുറിച്ച് പറയുമ്പോൾ മണലിക്കാവിലെ (മണിമലർക്കാവിലെ) കുതിരവേലയും കോടേരിവാവും വിശദാംശങ്ങളോടെ ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നുണ്ട്. മണലിക്കാവിലെ കുതിരവേലയെ ബുദ്ധമതസംസ്കാരത്തിന്റെ അവശിഷ്ടമായി നിരീക്ഷിക്കുന്നത് തികച്ചും യുക്തിസഹമാണ്.

കായികവിനോദങ്ങൾ എന്ന പന്ത്രണ്ടാം അധ്യായത്തിൽ ആധുനിക കായികവിനോദമായ ഫുട്ബോൾകളിയുടെ വേലൂരിലെ ഒരു നൂറ്റാണ്ടിലേറെയുള്ള ചരിത്രം വിശദമാക്കുന്നുണ്ട്. അതോടൊപ്പം സമീപഭൂതകാലം വരെ സജീവമായി നിലനിന്നിരുന്ന നിരവധി നാടൻകളികളുടെ വിവരണവും ജോൺജോഫി സി. എഫ്. നിർവ്വഹിച്ചിരിക്കുന്നു. കുട്ടിയും കോലും, അണ്ടിക്കുഴി, കാരകളി, മാവുകുരങ്ങ്, കള്ളനും പോലീസും, വട്ടുകളി, അച്ചുത്തി, കൊച്ചംകുത്തി, ഓടിപ്രാന്തി, കിളികിളി, കൊത്താംകല്ല്, കോട്ടകളി, പുള്ളി പുള്ളി എന്നീ നാടൻകളികളുടെ വിവരണങ്ങൾ ഗ്രാമീണവിനോദങ്ങളെക്കുറിച്ച് കൃത്യമായ ധാരണലഭിക്കാൻ ഉപകാരപ്പെടും.

പ്രാദേശികചരിത്രരചനയിൽ ഗവേഷകൻ ചെയ്യേണ്ടത് ഒരു പ്രദേശത്തെ ജനതയുടെ വേരുകൾ തേടുകയും സത്യാന്വേഷണത്തിലൂടെ കണ്ടെത്തിയ വസ്തുതകളെ നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കി യുക്തിസഹമായ നിഗമനങ്ങളിലെത്തിച്ചേരുകയുമാണ്. വസ്തുതകൾ പഠനവിധേയമാകുമ്പോൾ വസ്തുനിഷ്ഠമായ സമീപനമാണ് സ്വീകരിക്കേണ്ടത്. പ്രാകൃതദശയിൽ നിന്ന് ഇന്നത്തെ അവസ്ഥയിലേക്കുള്ള വേലൂരിലെ ജനതയുടെ സങ്കീർണ്ണമായ പരിവർത്തനത്തിന്റെ വിവരണം തയ്യാറാക്കാൻ ശ്രമിക്കുമ്പോൾ പരമാവധി വസ്തുനിഷ്ഠമായ സമീപനമാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം. ചരിത്രപഥം എന്ന ഒന്നാമത്തെ അധ്യായത്തിൽ മഹാശിലാസംസ്കാരത്തിന്റെ ശേഷിപ്പുകൾ തെളിവു സഹിതം ചൂണ്ടിക്കാട്ടി രണ്ടായിരംവർഷം മുമ്പേ തന്നെ വേലൂരിൽ മനുഷ്യവാസം

ഉണ്ടായിരുന്നുവെന്ന് യുക്തിസഹമായാണ് ഗ്രന്ഥകാരൻ സ്ഥാപിക്കുന്നത്. സ്ഥലനാമപഠനത്തിന് നാടിന്റെ ചരിത്രം കണ്ടെത്തുന്നതിനുള്ള ഉപാദാനമാകാൻ വലിയ സാധ്യതയാണുള്ളത്. ഗ്രന്ഥകാരൻ വേലൂരിന്റെയും വേലൂരിലെ മറ്റു സ്ഥലനാമങ്ങളുടെയും പദനിഷ്പത്തിയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ യുക്തിഭദ്രമായിത്തന്നെയാണ് അവതരിപ്പിക്കുന്നത്. പുലിയന്നൂർ, വേലൂർ, പാത്രമംഗലം എന്നീ സ്ഥലനാമങ്ങളുടെ ചരിത്രത്തെക്കുറിച്ചുള്ള ഗ്രന്ഥകാരന്റെ നിരീക്ഷണങ്ങൾ തീർത്തും യുക്തിക്കു നിരക്കുന്നതാണ്. സ്ഥലനാമപഠനം പോലെത്തന്നെ ചരിത്രപഠനത്തിൽ പ്രസക്തിയുള്ള ഒന്നാണ് പ്രദേശത്തിന്റെ ഭൂമിശാസ്ത്രം. ഏതു പ്രദേശത്തിന്റെയും സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഭൂപ്രകൃതിയ്ക്ക് നിർണ്ണായകസ്വാധീനമാണുള്ളത്. പക്ഷേ, ഭൂമിശാസ്ത്രത്തിന് പ്രാദേശികപഠനത്തിൽ അർഹിക്കുന്ന പ്രാധാന്യം പല ചരിത്രകാരന്മാരും നൽകാറില്ല. വേലൂരിന്റെ കയ്യൊപ്പും കാൽപാടും അതിനൊരപവാദമാണ്. അധ്യായം രണ്ട് വേലൂരിന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ചാണ്. സാമൂഹികജീവിതം എന്ന നാലാം അധ്യായം വേലൂരിന്റെ സമൂഹഘടനയെക്കുറിച്ചുള്ള അടിസ്ഥാനരേഖയാണ്. വിദ്യാഭ്യാസരംഗം, ആരാധനാലയങ്ങൾ ആചാരാനുഷ്ഠാനങ്ങൾ ഉത്സവങ്ങൾ, വേലൂരിന്റെ ആരോഗ്യരംഗം, വേലൂർ എങ്ങനെ സഞ്ചരിച്ചു, വ്യാപാരമേഖല, കലാ സാംസ്കാരിക പ്രവർത്തനങ്ങൾ, സഹകരണസംഘങ്ങൾ തൊഴിൽ സംഘടനകൾ, കായികവിനോദങ്ങൾ, സാഹിത്യം, വേലൂർ രാഷ്ട്രീയരംഗം, സമരങ്ങൾ പ്രക്ഷോഭങ്ങൾ, വേലൂരിന്റെ മാറുന്ന പരിസ്ഥിതി, ഇന്നത്തെ വേലൂർ എന്നിങ്ങനെയുള്ള അധ്യായങ്ങളിലൂടെയും വേലൂരിന്റെ ചരിത്രം സമഗ്രമായി ആവിഷ്കരിക്കാനുള്ള ശ്രമമാണ് കാണുന്നത്. ഇന്നത്തെ വേലൂർ എന്ന പതിനേഴാം അധ്യായത്തിൽ വികസനം, വ്യവസായം, കൃഷി, വിദ്യാഭ്യാസം, ഭക്ഷണം, കലാ- സാംസ്കാരികപ്രവർത്തനങ്ങൾ, രാഷ്ട്രീയ - സാമുദായികപ്രസ്ഥാനങ്ങൾ എന്നീ ഉപശീർഷകങ്ങളിലായി രാഷ്ട്രീയ സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസരംഗത്ത് വേലൂരിന്റെ സമകാലീനാവസ്ഥയും ഉണ്ടാകേണ്ടമാറ്റങ്ങളും വ്യക്തമാക്കുന്നുണ്ട്.

വസ്തുനിഷ്ഠമായ സമീപനത്തിനു ജാഗ്രതക്കുറവു പറ്റിയ വിരളമായ സന്ദർഭങ്ങളേ ഈ പ്രാദേശികചരിത്രത്തിനുള്ളൂ. കേര

ളത്തിൽ എട്ടാം നൂറ്റാണ്ടിനുശേഷമേ ക്ഷേത്രസംസ്കാരം ആരംഭിച്ചിട്ടുള്ളൂ എന്നാണ് ചരിത്രകാരന്മാരുടെ നിഗമനങ്ങൾ. പക്ഷേ, ആറാം അധ്യായത്തിൽ ആരാധനാലയങ്ങളെക്കുറിച്ച് പറയുമ്പോൾ കിരാലൂരിലെ ശിവക്ഷേത്രത്തിന് രണ്ടായിരത്തിലേറെ വർഷം പഴക്കമുണ്ടെന്ന ആവേദകരുടെ മൊഴി ചരിത്രവസ്തുതയായി പരിഗണിച്ചിരിക്കുകയാണ്. അതേസമയം, വെങ്ങിലശ്ശേരിയിലെ ചേർന്നലശിവക്ഷേത്രത്തിന് രണ്ടായിരത്തിലേറെ പഴക്കമുണ്ടെന്ന മിത്തിനെ മിത്തായിത്തന്നെയേ ഗ്രന്ഥകാരൻ പരിഗണിച്ചിട്ടുള്ളൂ. കാർഷിക മേഖലയെക്കുറിക്കുന്ന മൂന്നാം അധ്യായത്തിൽ വിരിപ്പ്, മുണ്ടകൻ കൃഷിരീതികൾ കൂടിക്കലർന്നാണ് കിടക്കുന്നത്.

വേലൂരിന്റെ കയ്യൊപ്പും കാൽപ്പാടും എന്ന പ്രാദേശികചരിത്രഗ്രന്ഥം കേവലം ഒരു ധൈഷണികപ്രവർത്തി മാത്രമല്ല. മറിച്ച്, ഒരു പ്രദേശത്തിന്റെ ജീവിതപ്രശ്നങ്ങളിലിടപെടുകയും ഫലപ്രദമായമാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്ന ഒരു കൃതികൂടിയാണ്. പ്രാദേശികവികസനത്തിനായി ഈ കൃതിയിൽ പറയുന്ന പാരമ്പര്യത്തിന്റെ ആശ്രയങ്ങളെ ഫലപ്രദമായി ഉപയോഗിക്കാനാകും. പ്രാദേശികചരിത്രത്തെ ഉപരിവർഗ്ഗത്തിന്റെ കഥയായി മാത്രം കാണുന്ന സമീപനമല്ല ഈ ചരിത്രകാരന്റേത്. കീഴാളരുടെ ജീവിതവും അവർ വ്യാപരിച്ച വ്യത്യസ്തമേഖലകളും ആഴത്തിൽ പഠിച്ചറിഞ്ഞ് ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. മലദൈവമായ വേലന്റെ (വേലായുധന്റെ) പേരിൽ നിന്നാണ് വേലൂരിന്റെ പദനിഷ്പത്തിയെന്ന് സ്ഥാപിക്കുമ്പോൾ വേലൻ ദ്രാവിഡദേവതയാണെന്നും ഒരു പ്രത്യേകമതത്തിന്റെയും ഭാഗമല്ലെന്നും പ്രകൃതിയെ ആരാധിക്കുന്ന ഗോത്രസംസ്കൃതിയുടെ തുടർച്ചയാണെന്നും പറയാൻ ചരിത്രകാരൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബ്രാഹ്മണമതത്തിന്റെ അധികാരസ്ഥാപനത്തിന്റെ യുക്തികളോടുള്ള ചരിത്രകാരന്റെ ചെറുത്തുനിൽപ്പാണ് ഇവിടെ കാണാനാകുന്നത്. മണലിക്കാവ് മണിമലർക്കാവ് ആയത് ആര്യവത്കരണത്തിനുശേഷമാണെന്നും മണിമലർക്കാവിലെ ഭഗവതി ആദിദ്രാവിഡ അമ്മദൈവമായ കാളിയാണെന്നു പറയുമ്പോഴും ഗ്രന്ഥകാരൻ ഈ സമീപനം തുടരുന്നതുകാണാം. ഉപരിവർഗ്ഗത്തേക്കാൾ താഴേതട്ടിലുള്ളവരുടെ സംസ്കാരവും ജീവിതവും

കാണാനാകുന്ന ഈ ഗ്രന്ഥം വേലൂരിന്റെ സാമൂഹികഘടനയുടെ അടിസ്ഥാനരേഖയാണ്. ഒരു പ്രദേശത്തിന്റെ സമഗ്രമായ ചരിത്രം നിർമ്മിക്കുക എന്ന ദൗത്യനിർവഹണത്തോടൊപ്പം ജനങ്ങളുടെ ജീവിതപ്രശ്നങ്ങളിലിടപെടുകയും അവയ്ക്കു ഫലപ്രദമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക, പ്രാദേശികവികസനത്തിനു പര്യാപ്തമായ വിധത്തിൽ നാട്ടറിവുകൾപോലെയുള്ള പാരമ്പര്യത്തിന്റെ ആശ്രയങ്ങളെ ഫലപ്രദമായി അവതരിപ്പിക്കുക, പാരിസ്ഥിതികസമീപനം പുലർത്തുക, കീഴാളചരിത്രവും ജനജീവിതവും ആവിഷ്കരിക്കുക, ദേശത്തിന്റെ സ്വത്വം കണ്ടെത്തുവാൻ ശ്രമിക്കുക, കേരളീയ നവോത്ഥാനത്തിന്റെ ഭാഗമായുള്ള സമരപാരമ്പര്യങ്ങളോടു കണ്ണിചേരുന്ന വേലൂരിന്റെ സമരചരിത്രത്തിൽ സ്ത്രീകളുടെ പങ്ക് പ്രാധാന്യത്തോടെ അടയാളപ്പെടുത്തുക, നവബ്രാഹ്മണ്യത്തിന്റെ അധികാരസ്ഥാപനത്തിന്റെ യുക്തികളെ ചെറുക്കുക എന്നീ രാഷ്ട്രീയധർമ്മങ്ങൾ ഈ പ്രാദേശികചരിത്രഗ്രന്ഥം നിറവേറ്റുന്നതായി കാണാം.

**ഗ്രന്ഥസൂചി**

ഒരു സംഘം ലേഖകർ, 2018 *കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം ഭാഗം ഒന്ന് 1940 വരെ,* ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ജോൺ ജോഫി സി. എഫ്., 2016 *വേലൂരിന്റെ കയ്യൊപ്പും കാൽപ്പാടും,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

രാഘവവാരിയർ, എം. ആർ., 2022 'പ്രാദേശികചരിത്രരചനയുടെ രാഷ്ട്രീയം', ഗവേഷണം സംവാദങ്ങൾ, സമീപനങ്ങൾ, *മലയാളപ്പച്ച റിസർച്ച് ജേണൽ:* ഭാഷ, സാഹിത്യം, സംസ്കാരം 13-ാം ലക്കം, മലയാളവിഭാഗം, കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്, കൊടുങ്ങല്ലൂർ.

Greenblatt, Stephen and Cathurine Gallagher, 2000 *Practising New Historicism,* University of Chicago Press, Chicago.

royvelur@gmail.com